**പതിമൂന്നാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 703 — 20.3.2013-ൽ മറുപടിയ്ക്ക്

**<u>അനധികൃത ലാഭം ഉണ്ടാക്കുന്ന മരുന്ന് കമ്പനികൾക്കെതിരെ നടപടി</u>**

<u>ചോദ്യം</u> — <u>മറുപടി</u>

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര മരുന്ന് നിർമ്മാണ കമ്പനികളുണ്ട്; കൂടാതെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു; | (എ) സംസ്ഥാനത്ത് നിലവിൽ 90 മരുന്ന് നിർമ്മാണ കമ്പനികളു ണ്ട്. കൂടാതെ 14279 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിന്ശേഷം തീയതി തിരുത്തി മരുന്ന് വിൽപന നടത്തിയ എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ; | (ബി)ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മരുന്നിന്റെ expiry date തിരുത്തിയ 7 മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യത്തിന്റെ തീവ്രത അനുസരിച്ച് ലൈസൻസ് കാൻസൽ ചെയ്യുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. ഒരു കേസിൽ ലൈസൻസ് സറണ്ടർ ചെയ്ത് കേസെടുത്തിട്ടുണ്ട്. |
| (സി))മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എത്ര ഉദ്യോഗസ്ഥർ സംസ്ഥാനത്തുണ്ട്; വിശദമാക്കാമോ; | (സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാനമൊട്ടാകെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതോടൊപ്പം തന്നെ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിലേക്കായി 47 എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും, ലാബിൽ ടെസ്റ്റ് ചെയ്യുവാൻ 32 ഉദ്യോഗസ്ഥരും ഉണ്ട്. മേൽ പറഞ്ഞ ഉദ്യോഗസ്ഥർ അവരുടെ പരിശോ ധന വേളകളിൽ എല്ലാ ജില്ലകളിലുമുള്ള കടകൾ (മൊത്ത/ചില്ലറ വ്യാപാരികൾ), ഗവൺമെന്റ്, പ്രൈവറ്റ് ആ ശുപത്രികൾ, പി.എച്ച്.സി, മരുന്നു നിർമ്മാണ കമ്പനികൾ എന്നിവിടങ്ങളിൽ നിന്ന് മരു ന്നുകളുടെ റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയയ്ക്കാറു ണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെ ടുന്ന മരുന്നുകളുടെ വില്പന തടഞ്ഞ് കമ്പനി കൾക്കെതിരെ നിയമ/വകുപ്പുതല നടപടികൾ സ്വീക രിക്കുന്നുണ്ട്. |
| (ഡി)കൂടിയ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്ന കമ്പനികളുടെ പട്ടിക ഡ്രഗ്സ് കൺട്രോൾ വകുപ്പ് തയ്യാറാക്കി നൽകിയോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | (ഡി)മരുന്നിന്റെ പാക്കറ്റിൽ സൂചിപ്പിക്കുന്ന പരമാ വധി വില (എം.ആർ.പി) യേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വില്ക്കാൻ പാടുള്ളതല്ല എന്ന് Essential Commodities Act ന് കീഴിലുള്ള |

| | |
|---|---|
| | ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിഷ്കർഷിച്ചിട്ടു ണ്ട്. ഈ നിയമം ലംഘിച്ച് അമിത വിലയ്ക്ക് മരുന്നുക ൾ വില്ക്കുന്നു ണ്ടോ എന്ന് ഈ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുകയും, നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ആയതിന്റെ വില്പന തടഞ്ഞ് വിവരം അനന്തര നടപടികൾക്കായി എൻ.പി.പി.എ (നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി)യെ അറിയിക്കാറു ണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഈ അതോറിറ്റിയാണ് ഇന്ത്യയിലൊട്ടാകെ മരുന്നുകളുടെ പരമാവധി വില നിശ്ചയിച്ച് ഉറപ്പാക്കുന്നത്. സംസ്ഥാനങ്ങൾക്ക് വില നിയന്ത്രിക്കുവാൻ അധികാരമില്ല. |
| (ഇ)മരുന്ന് നിർമ്മിക്കുന്ന കമ്പനികൾ നിർമ്മാണ ചെലവിന്റെ എത്രയോ മടങ്ങാണ് മാക്സിമം റീട്ടെയിൽ പ്രൈസ് (എം.ആർ.പി) എന്ന പേരിൽ ഈടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഈ ദുഷിച്ച പ്രവണത തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ)എൻ.പി.പി.എ വില നിശ്ചയിച്ചിട്ടില്ലാത്ത മരുന്നുകളുടെ വില നിശ്ചയിക്കുന്നത് അതാത് നിർമ്മാണ കമ്പനികളാണ്. ഇപ്രകാരം വില നിശ്ചയിക്കുന്നത് വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. മരുന്നു ഉല്പാദിപ്പിക്കുന്ന സംസ്ഥാനത്തെ നിലവിലുള്ള പണിക്കൂലി, വൈ ദ്യുതി നിരക്ക്, പ്ലാന്റിൽ ഉപയോഗിക്കുന്ന നിർമ്മാണ ഉപകരണങ്ങളുടെ സ്റ്റാൻഡേർഡ്, അസംസ്കൃത വസ്തുകളുടെ സംഭരണ വില, ഉല്പാദന പാക്കിംഗ് ചെലവ്, ചരക്ക് ഗതാഗത നിരക്കുകൾ, സംസ്ഥാനങ്ങളിൽ ഈടാക്കുന്ന നികുതി, ഉല്പാദന തീരുവ എന്നിവ കണക്കിലെടുത്താണ് ഒരു ഉല്പന്നത്തിന്റെ വില നിശ്ചയിക്കുന്നത്. ഇപ്രകാരം വില നിശ്ചയിക്കുമ്പോൾ രണ്ട് നിർമ്മാതാക്കളുടെ ഒരേ ഉല്പന്നങ്ങൾക്ക് വില വ്യത്യാസം ക ണ്ടുവരുന്നുണ്ട്. വിപണിയിലുള്ള എല്ലാ മരുന്നുകളുടെയും വില എൻ.പി.പി.എ.നിശ്ചയിച്ചുറപ്പിച്ചാൽ മാത്രമേ ഈ അപാകത പരിഹരിക്കാൻ സാധിക്കുകയുള്ളു. കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ കാര്യമായ നടപടികൾ സ്വീകരിക്കാനില്ല. |
| (എഫ്)സംസ്ഥാനത്ത് പ്രതിവർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വിറ്റഴിക്കപ്പെടുന്നുണ്ടെന്നാണ് കണക്കാക്കുന്നത് ; വ്യക്തമാക്കുമോ; | (എഫ്) സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 6000 കോടി രൂപയുടെ മരുന്നുകൾ വില്ക്കുന്നു എന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ